**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1480

03.10.2011-ൽ മറുപടിയ്ക്ക്

## ഹർത്താലുകൾ നിയന്ത്രിക്കേണ്ട ആവശ്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ജനജീവിതം സ്തംഭിപ്പിക്കുന്ന അനാവശ്യ ഹർത്താലുകൾ നിയന്ത്രിക്കുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും. |
| (ബി) | ബന്ദ് നിരോധിച്ചതിനുശേഷം ഹർത്താലുകളെ ബലം പ്രയോഗിച്ച് ബന്ദ് ആക്കി മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഹർത്താൽ വിജയിക്കുന്നതിനുള്ള കാരണങ്ങൾ പരിശോധിക്കുമോ ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ചില ചെറിയ സംഘടനകൾ പോലും നിസാര കാരണങ്ങൾക്ക് ഹർത്താലുകൾ പ്രഖ്യാപിച്ച് ജനജീവിതം സ്തംഭിപ്പിക്കുന്നത് വിലയിരുത്തുമോ ; | (ഡി& ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഒരു വർഷത്തിൽ തന്നെ നിരവധി പ്രാവശ്യം പെട്രോൾ ഡീസൽ വില വർദ്ധിപ്പിക്കുന്നതും കേരളത്തിൽ മാത്രം ഓരോ വിലവർദ്ധനവിനും ഹർത്താലുകൾ പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നതും വിലയിരുത്തുമോ ; | | |
| (എഫ്) | അടിക്കടിയുണ്ടാകുന്ന മിന്നൽ ഹർത്തലുകളെത്തുടർന്ന് മുൻകൂട്ടി ടിക്കറ്റെടുത്ത് തീവണ്ടികളിലും മറ്റും വന്നിറങ്ങുന്ന രോഗികൾ ഉൾപ്പെടെയുള്ള സാധാരണക്കാർ ബുദ്ധിമുട്ടുന്നത് ഗൗരവമായി കാണുമോ ; | (എഫ്) | ഗൗരവമായി സർക്കാർ കാണുന്നുണ്ട്. |
| (ജി) | കേന്ദ്രസർക്കാരിനെതിരേയും മറ്റും കാരണങ്ങൾ പറഞ്ഞു നടത്തുന്ന ഹർത്താലുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ? | (ജി) | ഇപ്പോൾ പരിഗണനയിലില്ല. |

Mayhely

സെക്ഷൻ ഓഫീസർ.